# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1444 — 03/10/2016-ൽ മറുപടിക്ക്

## ഇൻസുലിൻ മരുന്നുകളുടെ ഗുണനിലവാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ടി. ബൽറാം<br>ശ്രീ. പി. ടി. തോമസ് | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന 'ഇൻസുലിൻ' മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | എ) ഡൽഹിയിലെ നോയിഡയിൽ ബയോളജിക്കൽ മരുന്നുകളായ സീറ വാക്സിൻ, ഇൻസുലിൻ എന്നിവ പരിശോധിക്കുന്നതിലേയ്ക്കായി ജപ്പാന്റെയും, അമേരിക്കയുടെയും സഹകരണത്തോടെ ലോകോത്തര നിലവാരമുള്ള ഒരു പരിശോധന ലബോറട്ടറി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോളജിക്കൽസ് എന്ന പേരിൽ കേന്ദ്രസർക്കാർ സ്ഥാപിച്ചിട്ടുണ്ട്. രാജ്യത്തെ മറ്റൊരു സംസ്ഥാനത്തിലും ഇവ ടെസ്റ്റ് ചെയ്യുന്നതിനായുള്ള സംവിധാനം ഇല്ല. |
| ബി) ഗുണനിലവാരമില്ലാത്ത ഇത്തരം മരുന്നുകൾ വിതരണം ചെയ്യുന്ന വിതരണക്കാർക്കും കമ്പനികൾക്കുമെതിരെ നടപടി സ്വീകരിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | ബി) ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയാലുടൻ സംസ്ഥാനത്തിലുടനീളവും ഇന്ത്യയിലൊട്ടാകെയും പ്രസ്തുത മരുന്നിന്റെ വിതരണവും ഉപയോഗവും തടയുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുന്നുണ്ട്. ഉപഭോക്താക്കൾക്കും, ആരോഗ്യപ്രവർത്തകർക്കും, ആശുപത്രികൾക്കും മറ്റ് മരുന്ന് വിതരണ സ്ഥാപനങ്ങൾക്കും മൊബൈൽ വഴി എസ്.എം.എസ്. സന്ദേശം നൽകി മരുന്നുകളുടെ വില്പനയും ഉപയോഗവും തടയുന്നു. കമ്പനികൾക്കെതിരെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് വകുപ്പുതല അച്ചടക്ക നടപടികളും, നിയമ നടപടികളും സമയബന്ധിതമായി സ്വീകരിക്കുന്നു. സർക്കാർ സ്ഥാപനങ്ങളിലേയ്ക്ക് മരുന്നുകൾ വിതരണം ചെയ്യുന്ന കമ്പനിയായ കെ.എം.എസ്.സി.എൽ. തുടർച്ചയായ ഗുണനിലവാരമില്ലാത്ത മരുന്നുകൾ നിർമ്മിച്ച് വിതരണം ചെയ്യുന്ന കമ്പനികളെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള |

നടപടികളും സ്വീകരിക്കുന്നു.

**സി)** സംസ്ഥാനത്ത് ഗുണനിലവാരമുള്ള മരുന്നുകൾ തന്നെയാണ് വിതരണം ചെയ്യുന്നതെന്ന് ഉറപ്പ് വരുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**സി)** കേരള സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന മരുന്നുകളിൽ 98 ശതമാനവും അന്യസംസ്ഥാനങ്ങളിൽ നിർമ്മിച്ച് വിതരണം ചെയ്യുന്നതാണ്. വളരെ സങ്കീർണ്ണമായ നിർമ്മാണ പ്രക്രിയകളിലൂടെയാണ് മരുന്നുകളുടെ ഓരോ ഫോർമുലേഷനും നിർമ്മിക്കപ്പെടുന്നത്. അസംസ്കൃത വസ്തുക്കളുടെ സംഭരണം മുതൽ ഫിനിഷ്ഡ് ഫോർമുലേഷൻ വിപണിയിലേയ്ക്ക് റിലീസ് ചെയ്യുന്നതുവരെയുള്ള ഓരോ ഘട്ടങ്ങളിലും നിർമ്മിക്കപ്പെടുന്ന ഓരോ ബാച്ചുകളും കർശനമായ ഗുണനിലവാര പരിശോധനകൾ നടത്തിയും ജി.എം.പി.-ൽ നിഷ്കർഷിച്ചിട്ടുള്ള സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ്ങ് പ്രൊസീജിയേഴ്സ് അനുസരിച്ചുമാണ് വിതരണത്തിനായി എത്തിക്കുന്നത്. ഇത് അതാത് സംസ്ഥാനങ്ങളുടെ ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കർശന നിരീക്ഷണത്തിലുമാണ്. ആയതിനാൽ വിപണിയിലുള്ള മരുന്നുകളെല്ലാം തന്നെ ഗുണനിലവാരം ഉറപ്പാക്കിയിട്ടുള്ളതാണ്. എന്നാൽ മൂന്നു മുതൽ അഞ്ചു വർഷം വരെ ഷെൽഫ് ലൈഫ് ഉള്ള മരുന്നുകൾ അവയുടെ കാലാവധിയിൽ രാസപരിണാമം അനുസരിച്ച് ഘടനയിലോ, ഗുണനിലവാരത്തിലോ ചിലപ്പോൾ മാറ്റം വരാറുണ്ട്. ആയതിനാൽ ഷെൽഫ് ലൈഫ് പീരിയഡിൽ ഉടനീളം ഗുണനിലവാരം നിലനിർത്തുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനാണ് നിയമ പ്രകാരം റാൻഡം സാമ്പിളിങ്ങ് ഏർപ്പെടുത്തിയിരിക്കുന്നത്. മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി നിലവിൽ തിരുവനന്തപുരത്തും എറണാകുളത്തുമായി രണ്ട് ഡ്രഗ്സ് ടെസ്റ്റിംഗ് ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ തൃശ്ശൂർ, കോഴിക്കോട്, പത്തനംതിട്ട എന്നിവിടങ്ങളിൽ മൂന്ന് ലാബുകൾ കൂടി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ

അനലിറ്റിക്കൽ റിപ്പോർട്ട് കിട്ടിയാലുടൻ തന്നെ അത് അതാത് ഡ്രഗ്സ് ഇൻസ്പെക്ടർമാർക്ക് അയച്ചുകൊടുക്കുകയും മറ്റ് സംസ്ഥാനങ്ങളിലെ ഡ്രഗ്സ് കൺട്രോൾ അധികാരികളെ അറിയിക്കുകയും ചെയ്യുന്നു. സാമ്പിൾ എടുത്ത ഉദ്യോഗസ്ഥൻ റിപ്പോർട്ട് കിട്ടിയ ഉടൻ തന്നെ സാമ്പിൾ എടുത്ത സ്ഥലത്തെ മരുന്നുകളുടെ വില്പന നിർത്തി-വെയ്പ്പിക്കുകയും ആയത് എവിടെ നിന്നെല്ലാം വാങ്ങി എന്നതിനെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച് ഈ മരുന്ന് ജനങ്ങൾ ഉപയോഗിക്കുന്നത് തടയുന്നതിലേയ്ക്കായുള്ള തുടർനടപടികൾ ആരംഭിക്കുന്നു. കൂടാതെ ടെസ്റ്റ് റിപ്പോർട്ട് കിട്ടിയാലുടൻതന്നെ ടി മരുന്നിന്റെ വിശദാംശങ്ങൾ എസ്.എം.എസ് വഴി വ്യാപാരികൾ, വിതരണക്കാർ, ഡോക്ടർമാർ, ഫാർമസിസ്റ്റുകൾ, നേഴ്സുമാർ എന്നിവർക്കും, ആശുപത്രികൾ, മറ്റ സംസ്ഥാനങ്ങളിലെ ഡ്രഗ്സ് കൺട്രോൾ വകുപ്പുകൾ എന്നിവർക്കും ലഭ്യമാക്കുന്നുണ്ട്.

Seena

സെക്ഷൻ ഓഫീസർ